**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 896** **10-08-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി യുവാക്കൾക്കുള്ള നൈപുണ്യ പരിശീലന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി യുവാക്കൾക്കുള്ള നൈപുണ്യ പരിശീലന പദ്ധതി വിശദീകരിക്കാമോ; പദ്ധതി വഴി ഏതെല്ലാം മേഖലകളിലാണ് തൊഴിൽ പരിശീലനം നൽകുന്നത്; വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിലെ തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും, തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി ഐ.ടി, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, അനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം, ഓയിൽ & ഗ്യാസ്, മറൈൻ വ്യവസായം, എയർലൈൻ, എയർപോർട്ട് മേഖല, കാർഗോ മാനേജ്മെന്റ് തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളായ KASE (Kerala Academy for Skills Excellence), KELTRON (Kerala State Electronics Development Corporation Limited), CIPET (Central Institute of Petrochemicals Engineering & Technology), CDAC (Centre for Development of Advanced Computing), ASAP (Additional Skill Acquisition Programme Kerala) മുഖേന നടപ്പിലാക്കുന്നു. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായിച്ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റ് ഉറപ്പാക്കുന്നു.<br><br>സർക്കാർ വകുപ്പുകളുടെ പിന്തുണയോടൊപ്പം പൊതുകമ്പോളത്തിലെ ഏജൻസികളുമായി മത്സരത്തിലേർപ്പെട്ടും ക്ഷേമ പദ്ധതികളുടെ നിർവ്വഹണത്തിൽ പട്ടികജാതി പട്ടികവർഗ്ഗ യുവതീ-യുവാക്കളുടെ സംഘങ്ങൾക്ക് നേരിട്ട് പങ്കാളികളാകാനും അതിലൂടെ മെച്ചപ്പെട്ട വരുമാനവും സ്വാശ്രയത്വവും ലഭിക്കാനും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ |

| | | | |
|---|---|---|---|
| | | | അഭ്യസ്തവിദ്യരായ യുവതി-യുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരും, തൊഴിൽദാതാക്കളുമാക്കുന്നതിനുമായി കേരള സർക്കാർ കേരള എംപവർമെന്റ് സൊസൈറ്റി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി വഴി വിദേശത്തെ ജോലി സാധ്യതകൾ കണ്ടെത്തുവാനും പരിചയപ്പെടുത്തുവാനും പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | വിദേശത്ത് പഠനത്തിനും, വിദേശത്ത് മികച്ച ജോലി ലഭിക്കുന്നതിനും വകുപ്പ് മുഖേന പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ